<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871</u> <u>11-10-2024 - ൽ മറുപടിയ്ക്ക്</u>

<u>മാർഗദീപം പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗദീപം എന്ന പേരിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. സംസ്ഥാനത്തെ ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിലെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗ്ഗദീപം എന്ന പേരിൽ പുതിയൊരു സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2024-25 സാമ്പത്തിക വർഷം 20 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിന് ഓൺലൈൻ പോർട്ടൽ സജ്ജമായിട്ടുണ്ട്. ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | ഉന്നതപഠന കേന്ദ്രങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രത്യേകമായ സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2023-24 സാമ്പത്തിക വർഷം മുതൽ രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIM/IIT/IISc/ IMSc –കളിൽ ഉപരി പഠനം (PG/Ph.D) നടത്തുന്നവർക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്. അപേക്ഷകർ ബന്ധപ്പെട്ട യോഗ്യതാ പരീക്ഷയിൽ (ഡിഗ്രി/ബി.ഇ/ബി.ടെക്/Pre-qualifying exam) 55% മാർക്ക് നേടിയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന **നൽകുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപ വരെയുള്ള എ.പി.എൽ വിഭാഗക്കാരെയും സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. കേരളത്തിലെ സ്ഥിരതാമസക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും** |

| | | | |
|---|---|---|---|
| | | | **അടിസ്ഥാനത്തിലായിരിക്കും. തെരഞ്ഞെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിയ്ക്ക് കോഴ്സ് കാലാവധിക്കുള്ളിൽ ഒറ്റത്തവണയായി 50,000/- രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.** |
| (സി) | ന്യൂനപക്ഷ വിഭാഗങ്ങളിലെ അതിദരിദ്രരെ കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ ? | (സി) | സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളിലുംപെടുന്ന അതിദരിദ്രരെ സർക്കാർ കണ്ടെത്തിയിട്ടുണ്ട് അവരെ മുഖ്യധാരയിൽ കൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അതിദരിദ്രർക്ക് മുൻഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ